യിൽ ഒരു പുതിയ ഇലക്ട്രിക് ഡിവിഷൻ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ബോർഡിന്റെ പരിഗണനയിലാണ്. പാലച്ചിറ ഇലക്ട്രിക്കൽ ഡിവിഷൻ മേജർ സെക്ഷനായി ഉയർത്തുന്നതിനുള്ള നിർദ്ദേശവും വെട്ടൂർ കേന്ദ്രമാക്കി ഒരു ഇലക്ട്രിക്കൽ സെക്ഷൻ ആരംഭിക്കുന്നതിനുള്ള നിർദ്ദേശവും ബോർഡിന്റെ പരിഗണനയിലാണ്. വർക്കല ഇലക്ട്രിക്കൽ ഡിവിഷന്റെ കീഴിൽ വർക്കല, പാലച്ചിറ, കല്ലമ്പലം എന്നീ മൂന്ന് മേജർ സെക്ഷനുകളും ഇടവാ, കെടാകുളം, വെട്ടൂർ എന്നീ മൂന്ന് സാറ്റലൈറ്റ് സെക്ഷനുകളും ഉൾപ്പെടുത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ പുതിയ പ്രോഫിറ്റ് സെന്ററുകൾ പൂർണ്ണമായും പ്രവർത്തിച്ചു തുടങ്ങിയശേഷമേ ഈ ഓഫീസുകൾ തുടങ്ങാനുള്ള അനുമതി നൽകുന്ന കാര്യം പരിഗണിക്കാനാവൂ എന്നാണ് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കാനുള്ളത്

(11) മലബാർ മാർക്കറ്റിംഗ് കമ്മിറ്റിയുടെ കീഴിൽ ജോലിചെയ്ത ജീവനക്കാരുടെ പ്രശ്നം

ശ്രീ. എം.വി. ഗോവിന്ദൻമാസ്റ്റർ : സർ, മലബാർ മാർക്കറ്റിംഗ് കമ്മിറ്റിയുടെ കീഴിൽ കഴിഞ്ഞ പത്ത് പതിനെട്ടു വർഷമായി ജോലി ചെയ്തുവരുന്ന 63 ജീവനക്കാരുടെ ജീവിതം തൊഴിലില്ലാത്ത ഒരു പ്രത്യേക പരിതഃസ്ഥിതിയിൽ ഗുരുതരമായ അവസ്ഥ നേരിടുകയാണ്. കോഴിക്കോട് ആസ്ഥാനമായി മലബാറിന്റെ വിവിധ മേഖലകളിലായി ജോലിചെയ്തുവരുന്നവരായിരുന്നു ഇവർ. ഏകദേശം 15 കോടി രൂപയുടെ ആസ്തി ഈ സ്ഥാപനത്തിന് കോഴിക്കോട്, പേരാമ്പ്ര, വടകര, കാസർകോഡ്, കാഞ്ഞങ്ങാട്, ചങ്ങനക്കുളം, വട്ടങ്ങുളം എന്നീ പ്രദേശങ്ങളിലായിട്ടുണ്ട്. ഈ സ്വത്തെല്ലാം മിക്കവാറും നാഷണൽ ഹൈവേയുടെ സമീപ പ്രദേശങ്ങളിലായിട്ടാണ്. നല്ല വിലവരുന്ന സ്വത്തുതന്നെയാണിത്. മലബാർ മാർക്കറ്റിംഗ് കമ്മിറ്റിയുടെ കീഴിൽ ജോലി ചെയ്തിരുന്നവരുടെ ജോലി നഷ്ടപ്പെടാതെ ഇവർക്ക് തുടർന്നും ജോലി ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണമെന്നാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, കോഴിക്കോട് ആസ്ഥാനമായി മലബാർ മാർക്കറ്റിംഗ് കമ്മിറ്റി പ്രവർത്തിച്ചിരുന്നു. അതിന്റെ പ്രവർത്തനങ്ങൾക്കെതിരായി ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ 19.2.1998-നു ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിൽ പ്രവർത്തനം ഭരണഘടനാവിരുദ്ധവും പ്രാബല്യത്തിൽ ഇല്ലാത്തതുമാണെന്ന് വിധിച്ചു. കോടതിവിധിയുടെ അടിസ്ഥാനത്തിൽ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ നിലച്ചിരിക്കുകയാണ്. അതിനുശേഷം 23.4.1998-ന് ഒരു ഉന്നതതല യോഗം ചേരുകയുണ്ടായി. കോടതിവിധിയുടെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കോഴിക്കോട് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. കമ്മിറ്റിയിൽ ജോലിചെയ്തിരുന്ന ജീവനക്കാരുടെ ആസ്തികൾ വെയർ ഹൗസിംഗ് കോർപ്പറേഷനെ ഏൽപ്പിക്കുവാനാണ് ഉന്നതതല സമിതി തീരുമാനിച്ചിട്ടുള്ളത്. ജീവനക്കാർക്ക് ശമ്പളം നൽകാൻ ആവശ്യമായിട്ടുള്ള തുക നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുകയാണ്. ഇക്കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അതുകൊണ്ട് അവർക്കുള്ള ശമ്പളം കൊടുക്കും. തുടർന്ന് കമ്മിറ്റിയുടെ ആസ്തിബാദ്ധ്യത വെയർഹൗസിംഗ് കോർപ്പറേഷൻ ഏറ്റെടുക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly